**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- ശ്രീ. കെ. എം. ഷിബു, സീനിയർ ക്ലാർക്ക് തിരുവനന്തപുരം കോർപ്പറേഷൻ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽചെയ്ത O.A No. 1553/2016 ലെ 29/9/2016 ലെ വിധിന്യായം- നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.3205/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 25.11.2016

പരാമർശം : 1. നഗരകാര്യ ഡയറക്ടറുടെ 23.06.2016 തിയതിയിലെ വി.1-14330/16 നമ്പർ ഉത്തരവ് .

2. ശ്രീ. കെ. എം. ഷിബു, സീനിയർ ക്ലാർക്ക് (സസ്പെൻഷനിൽ) സർക്കാരിൽ സമർപ്പിച്ച 23/9/2016 ലെ അപ്പീൽ ഹർജി.

3.ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.നം. 1553/2016 ലെ 29.09.2016 തീയതിയിലെ വിധിന്യായം.

4.നഗരകാര്യഡയറക്ടറുടെ 04.11.2016 തീയതിയിലെ വി1-14330/2016 നം. കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭാ പരിധിയിൽ തമ്പാനൂർ വാർഡിൽ പുതുതായി നിർമ്മാണം നടത്തിയ Trivandrum Appolo Towers Private Limited ഉടമസ്ഥതയിലുള്ള ഹോട്ടൽ കെട്ടിടത്തിന് നികുതി ഇളവ് ചെയ്യുന്നതിന് തിരുവനന്തപുരം കോർപ്പറേഷനിലെ സെക്ഷൻ ക്ലാർക്ക് ( ശ്രീ. കെ. എം. ഷിബു) രണ്ടു ലക്ഷം രൂപ കൈപ്പറ്റി എന്ന് മലയാള മനോരമ മെട്രോ എഡിഷനിൽ പത്ര വാർത്ത വന്നതിനെ തുടർന്ന് ശ്രീ. കെ. എം. ഷിബുവിനെ പരാമർശം 1ലെ ഉത്തരവ് പ്രകാരം നഗരകാര്യ ഡയറക്ടർ അന്വേഷണ വിധേയമായി സെർവീസിൽ നിന്നും സസ് പെൻഡ് ചെയ്തു.

2.. മേൽപ്പറഞ്ഞ സസ്പെന്ഷനെതിരെ ശ്രീ. കെ. എം. ഷിബു സർക്കാരിന് പരാമർശം 2 പ്രകാരം അപ്പീൽ ഹർജി സമർപ്പിച്ചു. തനിക്കു നികുതി നിർണയിക്കുവാനോ, നിർണയിച്ച നികുതിയിൽ കുറവ് വരുത്തുന്നതിനോ യാതൊരു

അധികാരവുമില്ലായെന്നും നികുതി നിർണയിച്ച് നൽകുന്ന ഫയലുകൾ തുടർനടപടിക്കായി മേലധികാരികൾക്ക് അയച്ച് നൽകുകയും അങ്ങനെ ഉത്തരവായി ലഭിക്കുന്നതിനനുസരിച്ച് ഫയൽ put up ചെയ്യുകയും ചെയ്യുകയാണ് തന്റെ ചുമതലയെന്നും, തിരുവനന്തപുരം നഗരസഭാ സെക്രട്ടറി നടത്തിയ അന്വേഷണത്തിൽ ആരോപണങ്ങളിൽ കഴമ്പില്ല എന്ന് തെളിഞ്ഞിട്ടുണ്ടെന്നും ആയതിനാൽ സസ്പെൻഷൻ നടപടി പിൻവലിച്ച് തന്നെ തിരുവനന്തപുരം നഗരസഭയിൽ പോസ്റ്റ് ചെയ്യണമെന്ന് ടിയാൻ അപ്പീലിൽ അപേക്ഷിച്ചു.

3. മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. കെ. എം. ഷിബു, ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A No. 1553/2016 ചെയ്തു. ആയതിലെ പരാമർശം 3 ലെ വിധിന്യായത്തിൽ ഹർജിക്കാരൻ സമർപ്പിച്ച Annexure M.A1 ൽ(Appeal under Rule 22 of the Kerala Civil Services (Classification, Control & Appeal) Rules, 1960) ഹർജിയിൽ ടിയാനെ നേരിട്ട് കേട്ടതിനു ശേഷം, നിയമപ്രകാരം അപ്പീൽ പരിഗണിച്ച് വിധി കിട്ടി 2 മാസങ്ങൾക്കകം ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സർക്കാരിനോട് നിർദ്ദേശിച്ചു.

4. ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ (ഇ.യു)വകുപ്പ് അണ്ടർ സെക്രട്ടറി 10/11/2016 ൽ അപ്പീൽവാദിയെ നേരിട്ട് കേട്ടു. പത്രവാർത്ത ശരിയാണോ എന്നുപോലും പ്രാഥമികമായി പരിശോധിക്കാതെ തന്നെ സസ്‌പെൻഡ് ചെയ്തു എന്നും കോർപറേഷൻ സെക്രട്ടറി പിന്നീട് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ താൻ നിരപരാധിയാണ് എന്ന് തെളിഞ്ഞിട്ടുണ്ടെന്നും അതിനാൽ തന്നെ സർവീസിൽ തിരികെ പ്രവേശിപ്പിച്ച് സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിക്കണമെന്നും ടിയാൻ ആവശ്യപ്പെട്ടു.

5. സർക്കാർ മേൽ അപ്പീൽ ഹർജി നഗരകാര്യ ഡയറക്ടറുടെ പരാമർശം 4 ലെ റിപ്പോർട്ട് സഹിതം വിശദമായി പരിശോധിച്ചു. ദിനപ്പത്രത്തിലെ വാർത്തയിൽ കൈക്കൂലി ആവശ്യപ്പെട്ടു എന്നാരോപിക്കുന്ന ഹോട്ടൽ ഉടമക്ക് നോട്ടീസ് നൽകിയപ്പോൾ പത്രവാർത്തയിൽ പറയുന്നപ്രകാരം നികുതി ഇളവ് നൽകുന്നതിന് അവർ കൈക്കൂലി നൽകുകയോ ഇത് സംബന്ധമായി പരാതി നൽകുകയോ ചെയ്തിട്ടില്ല എന്നാണ് രേഖാമൂലം ബോധിപ്പിച്ചിരിക്കുന്നത്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ സെക്ഷൻ ക്ലാർക്കിന്റെ ഭാഗത്തുനിന്നും പ്രഥമദൃഷ്ട്യാ യാതൊരു വീഴ്ചയും ഉണ്ടായതായിക്കാണുന്നില്ല എന്നാണ് നഗരകാര്യ ഡയറക്ടർ പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. നടത്തിയ നികുതി നിർണ്ണയം നിയമാനുസൃതമാണെന്ന് കോർപറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. നഗരകാര്യ ഡയറക്ടർ ഈ കേസിൽ അച്ചടക്കനടപടി തുടരുകയാണ്. അച്ചടക്ക നടപടി Quasi-judicial സ്വഭാവത്തിലുള്ളതാണ്. അതിന്റെ തീർപ്പ് എപ്രകാരം ആയിരിക്കണമെന്ന് ബന്ധപ്പെട്ട ശിക്ഷണാധികാരി സ്വന്തം നിലയ്ക്ക് തീരുമാനിക്കേണ്ടതാണ്.

7. മേൽ സാഹചര്യത്തിൽ നഗരകാര്യ ഡയറക്ടർ ശ്രീ. കെ. എം. ഷിബുവിനെ ഇനിയും സസ്പെൻഷനിൽ നിർത്തേണ്ടതില്ലെന്ന് സർക്കാർ കരുതുന്നു. അതിന്റെയടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ പരാമർശം 2 പ്രകാരം പുറപ്പെടുവിച്ച ശ്രീ. കെ. എം. ഷിബുവിന്റെ സസ്പെൻഷൻ revoke ചെയ്ത് ഉത്തരവാകുന്നു. സീനിയർ ക്ലാർക്ക് ശ്രീ. കെ. എം. ഷിബുവിനെ അച്ചടക്ക നടപടിക്ക് വിധേയമായി അടിയന്തിരമായി സർവീസിൽ തിരികെ പ്രവേശിപ്പിക്കുവാൻ നഗരകാര്യ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

8. ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 29.09.2016 തീയതിയിലെ ഒ.എ.നം.1553/2016 ലെ വിധിന്യായത്തിലെ ഉത്തരവ് മേൽപ്പറഞ്ഞ പ്രകാരം ഇതിനാൽ നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**അബ്ദുൾ കലാം എം**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
ശ്രീ. കെ. എം. ഷിബു, സീനിയർ ക്ലാർക്ക്,
TC- 42/486(5), MRA-53(D), മുക്കോലയ്ക്കൽ, ശ്രീവരാഹം,
വള്ളക്കടവ് പി.ഒ, തിരുവനന്തപുരം -695008
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ